(Pages : 3) **T – 3905**

Reg. No. : ..............................

Name : ...................................

## First Semester B.Com. LL.B. (Five Year Integrated) Degree Examination, August 2024

## Additional Language – Malayalam

### Paper II – ML 1111.2 : നോവൽ, നാടകം, സഞ്ചാരസാഹിത്യം

**(2013 Admission Onwards)**

**(Common for 2013 Scheme and 2020 Scheme)**

Time : 3 Hours Max. Marks : 80

I. അരപ്പുറത്തിൽ (50 വാക്ക്) കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

സന്ദർഭം, ആശയം ഇവ വ്യക്തമാക്കുക.

1. "വിജയമെങ്ങനെ കിട്ടുമെന്നല്ല, വിജയമെന്തിനു കിട്ടുന്നെ-ന്നാണ്, വീരന്മാരുടെയൊക്കെ കഥയിതാണ്.".

2. "നീ കാലുകൾകൊണ്ടും കൈകൾകൊണ്ടുമാണ് നൃത്തം ചെയ്യുന്നത്. അതു പോരാ, മുഴുവൻ ശരീരം കൊണ്ടും നൃത്തം ചെയ്യാൻ നീ പഠിക്കണം."

3. "സദാ നിർഭയനായിരിക്കണം, അങ്ങനെയുള്ളവൻ മാത്രമേ ലക്ഷ്യത്തിങ്കൽ എത്തുന്നുള്ളൂ."

4. "ചന്ദ്രൻ ഒന്നുമതി. നക്ഷത്രങ്ങൾ നിരവധി."

5. "മനസ്സിനു ചൂടുണ്ടെങ്കിൽ ശരീരം എങ്ങനെ മരവിക്കാനാണ്? ജീവനുള്ളപ്പോൾ ഏതെങ്കിലും ശരീരം മരവിക്കുന്നതു കണ്ടിട്ടുണ്ടോ?"

Mar Gregorios College of Law Library

6. “കണ്ണു തുറന്നാൽ കാണുന്നത് പേടിപ്പിക്കുന്നതാണെങ്കിൽ കണ്ണടയ്ക്കുകയാണുചിതം.”

7. “ഒരു നാടുമായി എത്രയേറെ ബന്ധമുണ്ടെങ്കിലും നമുക്ക് അതിൽ നിന്നു മാറി നിൽക്കാൻ കഴിയും. സ്നേഹിക്കുന്നവരിൽ നിന്ന് സ്വയം പറിച്ചെടുക്കുവാനാണ് പ്രയാസം.”

**(5 × 2 = 10 Marks)**

II. ഒരു പുറത്തിൽ (**120** വാക്ക്) കവിയാതെ നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

8. “മഞ്ഞുവീഴുന്ന മലകളിൽ വിയർത്തുകുളിച്ച് കുനിഞ്ഞ് നടക്കുന്ന കൊച്ചുമനുഷ്യരാണ് യഥാർത്ഥതീർത്ഥാടകർ എന്നെനിക്കു തോന്നി.” - ആർക്ക്? കാരണമെന്ത്?

9. “മുഖസ്തുതി കേൾക്കുകയല്ലേ രാജാക്കന്മാരുടെ പതിവ്; പറയുകയാണോ.” - സാംഗത്യം വ്യക്തമാക്കുക.

10. ‘മുകളിലേക്കുള്ള യാത്രയിൽ ആകാശം എനിക്കൊരിക്കലും ഒരു തടസ്സമാകുകയില്ല എന്ന് എനിക്കറിയാം’ - ആരാണ് ഇങ്ങനെ കരുതുന്നത്? എന്തുകൊണ്ട്?

11. ഗൗരീകുണ്ഡിന്റെ പ്രത്യേകതയെന്ത്?

12. ‘പാപം കഴുകിക്കളയപ്പെടാവുന്നതല്ല. അത് കത്തിയെരിഞ്ഞേ അടങ്ങൂ’ - ദാവീദ് രാജാവ് ഇങ്ങിനെ പറയാനിടയായ സാഹചര്യം വിവരിക്കുക.

13. ‘സെർവാ പെഡ്രോണ’ എന്ന നൃത്തശില്പത്തെക്കുറിച്ച് വിവരിക്കുക.

**(4 × 4 = 16 Marks)**

III. ഒന്നരപ്പുറത്തിൽ കവിയാതെ നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

14. ‘നാം മണലാരണ്യത്തിന്റെ മധ്യത്തിലെ ഏകാകികളല്ല.’ - വിശദമാക്കുക.

15. ‘ധനവാനോടു ചോദിച്ചു വാങ്ങുന്ന തേനിലും മധുരം ഒരു സാധു അറിഞ്ഞുകൊണ്ടു നൽകുന്ന ഒരു കുമ്പിൾ ജലത്തിനാണ്’ - വ്യക്തമാക്കുക.

16. “തിരുമേനീ, കാട്ടുകുതിരകൾക്ക് എന്നെ അങ്ങോട്ടു വലിച്ചു കൊണ്ടുപോകാൻ കഴിയില്ല, എന്റെ കടമയാണ് എന്റെ സുഖം” - ആരുടെ വാക്കുകളാണിത്? സന്ദർഭം ഏത്?



Mar Gregorios College of Law Library

17. "മുന്നീ, നീ മിടുക്കിയാണ്. ദില്ലിയിലെത്തുമ്പോൾ ഞാനിതു നിന്റെ ഭായിയ്ക്ക് തീർച്ചയായും കൊടുക്കാം" - എന്ത്? സന്ദർഭം വിശദമാക്കുക.

18. ബത്ത്ശേബയുടെ സ്വഭാവം നിരൂപണം ചെയ്യുക.

19. സുഖഭോഗങ്ങൾക്കു നേരെയുള്ള മനുഷ്യന്റെ അടങ്ങാത്ത ആഗ്രഹങ്ങളുടെ പ്രതീകമാണ് ബാലകൃഷ്ണൻ 'നൃത്തം' എന്ന നോവലിനെ മുൻനിർത്തി വിശദീകരിക്കുക.

**(4 × 6 = 24 Marks)**

IV. രണ്ടു പുറത്തിൽ കവിയാതെ മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

20. 'രാജാധികാരത്തിനു മുന്നിലെ ബലിയാടുകളാണ് ഊറിയാവും ബത്ത്ശേബയും' - വിശദമാക്കുക.

21. 'യൂറോപ്യൻ കലയുടെ ചരിത്രവും കേരളത്തിലെ ഉൾനാടൻ ഗ്രാമസംസ്കാരവും ഒത്തുചേരുന്ന നോവലാണ് നൃത്തം' - സമർത്ഥിക്കുക.

22. 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന സഞ്ചാരസാഹിത്യകൃതിയെ വ്യത്യസ്തമാക്കുന്ന ഘടകങ്ങളെക്കുറിച്ച് വിശദീകരിക്കുക.

23. 'അരങ്ങിന്റെ ശക്തിയെയും പരിമിതിയെയും അപ്രസക്തമാക്കുന്ന കാവ്യഭാഷയാണ് ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തിൽ നിറഞ്ഞു നിൽക്കുന്നത്.' - വ്യക്തമാക്കുക.

24. ഗഡുവാളികളുടെ ജീവിതയാതനകൾ 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന സഞ്ചാരസാഹിത്യ കൃതിയിൽ എത്രത്തോളം കടന്നുവരുന്നുണ്ടെന്ന് വിശദീകരിക്കുക.

**(3 × 10 = 30 Marks)**

———————

Mar Gregorios College of Law Library